**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3679** **14-07-2022 - ൽ മറുപടിയ്ക്ക്**

**പുനലൂർ വെറ്ററിനറി പോളി ക്ലിനിക്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ വെറ്ററിനറി പോളി ക്ലിനിക്കിന്റെ സുഗമമായ പ്രവർത്തനത്തിന് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർ ഉടങ്ങിയ തസ്തികകളിൽ ആവശ്യമായ ജീവനക്കാരില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറെ സ്പെഷ്യൽ ഡ്യൂട്ടിയിൽ ആണ് നിയമിച്ചിട്ടുള്ളത്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റർ തസ്തിക പുനർ വിന്യസിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര മേഖലയിലെ കർഷകർ പുനലൂർ വെറ്ററിനറി പോളിക്ലിനിക്കിലെ സൗകര്യങ്ങളുടെ അപര്യാപ്തത മൂലം മൃഗങ്ങളുടെ സർജറിക്കായി കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തെ ആശ്രയിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സങ്കീർണ്ണ ശസ്ത്രക്രിയ, വിദഗ്ധ സേവനം എന്നിവ ആവശ്യമായി വരുന്ന സാഹചര്യത്തിലും പുനലൂർ വെറ്ററിനറി പോളി ക്ലിനിക്കിലെ സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും മൃഗങ്ങളുടെ സർജറിക്കായി കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തെ ആശ്രയിക്കേണ്ടി വരുന്നുണ്ട്. |
| (സി) | വെറ്ററിനറി പോളിക്ലിനിക് 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് ആവശ്യമായ തസ്തികകൾ പുതുതായി സൃഷ്ടിക്കുകയോ പുനർവിന്യാസത്തിലൂടെ ക്രമീകരിക്കുകയോ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; | (സി) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റന്റർ തസ്തികകൾ പുനർവിന്യസിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പോളിക്ലിനിക്കിലേക്ക് പുനലൂർ ആർ.പി.വിജിലൻസ് യൂണിറ്റിലെ എൽ.ഐ. തസ്തിക പുനർവിന്യസിക്കുന്നതിനും അറ്റൻഡർ തസ്തിക കണ്ടെത്തുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത പോളിക്ലിനിക്കിലേയ്ക്ക് പുനലൂർ ആർ പി വിജിലൻസ് യൂണിറ്റിലെ L I തസ്തിക പുനർ വിന്യസിക്കുന്നതിനും അറ്റൻഡർ തസ്തിക കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ